പതിമൂന്നാം കേരള നിയമസഭ
എട്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 1446 22.3.2013-ൽ മറുപടിക്ക്

## കേരള സുസ്ഥിര നഗരവികസന പദ്ധതി

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. പി. കെ. ഗുരുദാസൻ<br>,, എ. പ്രദീപ്കുമാർ<br>,, ബാബു എം. പാലിശ്ശേരി<br>,, വി. ശിവൻകുട്ടി | ശ്രീ.മഞ്ഞളാംകുഴി അലി<br>(നഗരകാര്യവും ന്യൂനപക്ഷക്ഷേമവും വകുപ്പു മന്ത്രി) |
| എ) കേരള സുസ്ഥിര നഗരവികസന പദ്ധതിയുടെ നടത്തിപ്പിനെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ; | എ) എഡിബി ധനസഹായത്തോടെയുള്ള കേരള സുസ്ഥിരനഗര വികസന പദ്ധതിയുടെ അവലോകനം നഗരകാര്യ വകുപ്പ് മന്ത്രി അദ്ധ്യക്ഷനായ സംസ്ഥാനതല എംപവേർഡ് കമ്മിറ്റി നടത്താറുണ്ട്. അവസാനമായി നടത്തിയത് 2013 മാർച്ച് 5 നാണ്. ഇത് കൂടാതെ ദേശീയതലത്തിൽ കേന്ദ്ര സർക്കാരും കേരള സർക്കാരും എഡിബിയും ചേർന്ന് ത്രികക്ഷിതല അവലോകനവും (Tripartiate Portfolio Reveiw Meeting) നടത്താറുണ്ട്. |
| ബി) പ്രസ്തുത പദ്ധതി നിർവ്വഹണം വായ്പാരേഖയിൽ നിഷ്കർഷിച്ചിരിക്കുന്ന സമയക്രമത്തിൽ പൂർത്തികരിക്കപ്പെട്ടിട്ടുണ്ടോ; ഇല്ലെങ്കിൽ പദ്ധതി മുടങ്ങിയതിന്റെ ഭാഗമായി ഏഷ്യൻ ഡെവലപ്പ്മെന്റ് ബാങ്ക് ഉൾപ്പെടെയുള്ള ധനകാര്യ സ്ഥാപനങ്ങൾക്ക് പിഴ നൽകേണ്ടതായി വന്നിട്ടുണ്ടോയെന്നറിയിക്കുമോ; | ബി) ഇല്ല. 2012 ജൂൺ മാസത്തിൽ പൂർത്തിയാകേണ്ട സുസ്ഥിരനഗര വികസന പദ്ധതിയുടെ പദ്ധതി കാലയളവ് 2014 ജൂൺ 30 വരെ നീട്ടി നൽകിയിട്ടുണ്ട്. വിവിധ കാരണങ്ങളാൽ സമയബന്ധിതമായി പൂർത്തീകരിക്കാനാവാത്തതുമൂലം എഡിബി നിഷ്കർഷിക്കുന്ന സമയത്ത് ലോൺ തുക റീഇംപേഴ്സ് ചെയ്യാൻ സാധിക്കാതെ വരികയും, തന്മൂലം കമ്മിറ്റ്മെന്റ് ചാർജ് നൽകേണ്ടിവരികയും ചെയ്തിട്ടുണ്ട്. |
| സി) ഏതെല്ലാം പ്രോജക്ട് ഘടകങ്ങളാണ് 2012-13-ൽ പ്രസ്തുത പദ്ധതി പ്രകാരം ഏറ്റെടുത്ത് നടപ്പാക്കാൻ സാധിച്ചതെന്ന് അറിയിക്കുമോ; | സി) സുസ്ഥിരനഗര വികസന പദ്ധതിപ്രകാരം ഓരോ വർഷവും പുതിയ പദ്ധതി ഘടകങ്ങൾ ഏറ്റെടുക്കില്ല. പദ്ധതി രൂപീകരണ സമയത്ത് തീരുമാനിക്കപ്പെട്ടിട്ടുള്ള പദ്ധതികളാണ് നടപ്പിലാക്കുന്നത്.<br>റോഡ് നവീകരണം, ജലവിതരണം, ഖര/ദ്രവ മാലിന്യ നിർമ്മാർജ്ജനം, സ്റ്റോംവാട്ടർ ഡ്രെയ്നേജ്, തെരഞ്ഞെടുക്കപ്പെട്ട കോളനികളുടെ നവീകരണം തുടങ്ങിയവയാണ് പദ്ധതി ഘടകങ്ങൾ. |

| | | | |
|---|---|---|---|
| ഡി) | ഏതെല്ലാം മുനിസിപ്പൽ കോർപ്പറേഷനുകളിലാണ് പ്രസ്തുത പദ്ധതികൾ 2012–13–ൽ നടപ്പാക്കപ്പെട്ടിട്ടുള്ളതെന്നറിയിക്കുമോ? | ഡി) | കേരളത്തിൽ 5 മുനിസിപ്പൽ കോർപ്പറേഷനുകളിലായാണ് (തിരുവനന്തപുരം, കൊല്ലം, കൊച്ചി, തൃശ്ശൂർ, കോഴിക്കോട്) സുസ്ഥിര നഗരവികസന പദ്ധതി 2007 മുതൽ നടപ്പിലാക്കിവരുന്നത്. |

സെക്ഷൻ ഓഫീസർ